പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3223 13-10-2011 - ൽ മറുപടിക്ക്

## സർക്കാർ കേസ്സ് നടത്തിപ്പ്

**ചോദ്യം**

ശ്രീ പാലോട് രവി
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**

ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസ്സ് നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ. | സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസ് നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നുണ്ട്. മറിച്ചൊരു പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സുപ്രീം കോടതിയിൽ കേസ് നടത്തിപ്പിനായി 5 സ്റ്റാൻഡിംഗ് കൗൺസിൽമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 16 മുതിർന്ന അഭിഭാഷകർ ഉൾപ്പെടുന്ന ഒരു പാനൽ നിലവിലുണ്ട്. |
| (സി) | കേസ് നടത്തിപ്പ് കാര്യക്ഷമമാക്കാൻ ഒരു പദ്ധതിക്ക് രൂപം നൽകുമോ; | കേസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഡൽഹിയിലെ ലോ വിംഗുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഒരു ഓഫീസറെ ചുമതലപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഡെൽഹിയിലെ കേരള ഹൗസിൽ കെട്ടികിടക്കുന്ന കേസ് ഫയലുകൾ ഡിജിറ്റൽ സംവിധാനത്തിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡൽഹിയിലെ കേരള ഹൗസിൽ കെട്ടിക്കിടക്കുന്ന തീർപ്പാക്കിയ കേസ് ഫയലുകൾ ഡിജിറ്റൽ സംവിധാനത്തിൽ സൂക്ഷിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ